(സി) ചേർത്തല മണ്ഡലത്തിലെ വികസനത്തിന് മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതിനായി പൊതുമരാമത്തിന് ഫണ്ട് കൈമാറാൻ തടസ്സം നിന്ന എൽ.എസ്.ജി.ഡി.ചീഫ് എഞ്ചിനീയർ ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും ഔദ്യോഗിക മേൽവിലാസവും നൽകുമോ ; ഇവർക്കെതിരെ അടിയന്തിര നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സ്കിക്യൂട്ടീവ് എഞ്ചിനീയറുടെ 16-9-2014 -ലെ അപേക്ഷയിൽ 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് 26-9-2014-ൽ ആണ്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ നിലവിലുണ്ടായിരുന്നു.

(സി) എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഈ വിഷയത്തിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാകാതിരുന്നതിനാലാണ് തുക യഥാസമയം അലോട്ട് ചെയ്യാൻ സാധിക്കാത്തത്. ചേർത്തല നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി തുക ജില്ലാ പഞ്ചായത്ത് എക്സ്കിക്യൂട്ടീവ് എഞ്ചിനീയർക്ക് അലോട്ട് ചെയ്തിട്ടുണ്ട്.

ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റോഡുകളുടെ പുനരുദ്ധാരണം

276 (3563) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് 16-7-2014 -ൽ ഭരണാനുമതി ലഭിച്ച് 4 മാസങ്ങൾ കഴിഞ്ഞിട്ടും LSDG ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ട പ്രസ്തുത ജോലികൾക്കുള്ള ഫണ്ടിനു വേണ്ടി റിക്വസിഷൻ അപേക്ഷയും അനുബന്ധ രേഖകളും D1 1518/2014 തീയതി 16-9-2014 ആയി LSGD ചീഫ് എഞ്ചിനീയർക്ക് അയച്ചിരുന്നിട്ടും യാതൊരു നടപടിയും ആകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത ഫയൽ വച്ചു താമസിപ്പിച്ചത് ആരുടെ നടപടിയാണെന്നു വ്യക്തമാക്കുമോ ;

(ഡി) ചേർത്തലയുടെ വികസന പ്രവർത്തനങ്ങളിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16-9-2014-ലെ അപേക്ഷയിൽ 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാലാണ് നടപടി സ്വീകരിക്കാൻ വൈകിയത്.

(സി) ഫണ്ട് കൈമാറുന്നതിനുള്ള അനുബന്ധ രേഖകൾ ഇല്ലാതിരുന്നതിനാലാണ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ടി വിഷയത്തിൽ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായത്. ഇതിൽ മനഃപൂർവ്വമായ വീഴ്ച തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഉണ്ടായിട്ടില്ല.

(ഡി) ടി വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും മനഃപൂർവ്വമായ കാലതാമസം ഉണ്ടാകാത്തതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്ലാൻ-നോൺ പ്ലാൻ ഫണ്ടുകളുടെ വിനിയോഗം

277 (3564) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്തുകളുടെ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകളുടെ വിനിയോഗത്തിൽ ഗണ്യമായ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly